കേരള സർക്കാർ

# വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

**ജില്ലാ ഇൻഫർമേഷൻ ആഫീസ്** **2018 ഒക്ടോബർ 11 വ്യാഴം**

**കാസർകോട്**
www.prd.kerala.gov.in 04994 255145 dioksgd@gmail.com

## പാലായി വളവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണോദ്ഘാടനം 15ന് മുഖ്യമന്ത്രി നിർവഹിക്കും

ഹോസ്ദുർഗ് താലൂക്കിൽ നീലേശ്വരം നഗരസഭയെയും കയ്യുർ-ചീമേനി ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിച്ചു കാര്യങ്കോട് പുഴയിൽ നിർമ്മിക്കുന്ന പാലായി വളവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഒക്ടോബർ 15- ന് ഉച്ചകഴിഞ്ഞ് മൂന്നിന് പാലായിയിൽ നടക്കുന്ന ചടങ്ങിൽ ജലവിഭവ വകുപ്പുമന്ത്രി മാത്യു ടി. തോമസ് അധ്യക്ഷത വഹിക്കും. റവന്യു ഭവന നിർമ്മാണ വകുപ്പുമന്ത്രി ഇ. ചന്ദ്രശേഖരൻ, പി. കരുണാകരൻ എം. പി എന്നിവർ മുഖ്യ അതിഥികളായിരിക്കും. എം.രാജഗോപാലൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എജിസി ബഷീർ, ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത്ബാബു, മുൻ എംഎൽഎമാരായ കെ.കുഞ്ഞിരാമൻ, കെ.പി സതീഷ്ചന്ദ്രൻ, നീലേശ്വരം നഗരസഭ ചെയർമാൻ പ്രൊഫ.കെ.പി ജയരാജൻ, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.പി ജാനകി, പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.രാജൻ, നബാർഡ് എജിഎം: ജ്യോതിസ് ജഗന്നാഥ്, കിനാനൂർ-കരിന്തളം, കയ്യുർ ചീമേനി, മടിക്കൈ, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത്, നഗരസഭ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ പങ്കെടുക്കും.

ഹോസ്ദുർഗ് താലൂക്കിൽ നീലേശ്വരം നഗരസഭയിലേയും കിനാനൂർ-കരിന്തളം, കയ്യുർ ചീമേനി, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, ചെറുവത്തൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെയും ജലസേചന കുടിവെള്ള ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിനും ജലസേചന വകുപ്പ് നബാർഡിന്റെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## കോൺക്രീറ്റിംഗ്; റോഡുകൾ അടച്ചിടും

മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ എരിയാൽ കൊറുവയൽ റോഡ് കോൺക്രീറ്റ് പ്രവൃത്തി ചെയ്യുന്നതിനാൽ എരിയാൽ ബ്ലാർക്കോട് റോഡ്, എരിയാൽ കൊറുവയൽ റോഡുകൾ ഒക്ടോബർ 23 മുതൽ 15 ദിവസത്തേക്ക് അടച്ചിടുമെന്ന് സെക്രട്ടറി അറിയിച്ചു.

## കുടിവെള്ള വിതരണം തടസപ്പെടും

കേരള വാട്ടർ അതോറിറ്റിയുടെ ബാവിക്കര പമ്പ് ഹൗസിലെ പ്രധാന മോട്ടോർ തകരാറായതിനാൽ കാസർകോട് നഗരസഭ, മധൂർ, ചെങ്കള, മൊഗ്രാൽ പുത്തൂർ എന്നിവിടങ്ങളിൽ ഒരാഴ്ചത്തേക്ക് കുടിവെള്ള വിതരണം ഭാഗികമായി തടസപ്പെടുമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

(തുടരും)

# നൈപുണ്യ കർമ്മസേനയ്ക്ക് സർക്കാരിന്റെ അനുമോദനം

പ്രളയക്കെടുതിയിൽ നാശം സംഭവിച്ച വീടുകളിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ നൈപുണ്യ കർമ്മസേനയ്ക്ക് സംസ്ഥാന സർക്കാരിന്റെ അനുമോദനം. തിരുവനന്തപുരം വി. ജെ.ടി ഹാളിൽ നടന്ന ചടങ്ങിൽ മന്ത്രി ടി.പി. രാമകൃഷ്ണനിൽ നിന്നും കാസർകോട് ജില്ലയ്ക്കുള്ള ഉപഹാരം നൈപുണ്യ കർമ്മസേന നോഡൽ ഓഫീസർ പി.ജെ ഫിലോമിന ജെഫി ജെന്നിഫർ, ജില്ലാ കോ-ഓഡിനേറ്റർ സനീഷ് ബാലക്കണ്ടി, ഇൻസ്ട്രക്ടർമാരായ മനോജ്കുമാർ കെ, സജീഷ്. കെ എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. പ്രളയ ബാധിത മേഖലകളിലെ വീടുകളിലെ ഇലക്ട്രിക്കൽ വയറിങ്ങ്, പ്ലംബിങ്ങ്, കാർപ്പെന്ററി, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ റിപ്പയറിങ്ങ് ജോലികളാണ് വ്യവസായിക പരിശീലന വകുപ്പ് ഹരിത കേരള മിഷനുമായി ചേർന്ന് രൂപീകരിച്ച നൈപുണ്യ കർമ്മസേന നിർവഹിച്ചത്. ജില്ലയിലെ കാസർകോട്, കയ്യൂർ, മടിക്കൈ എന്നീ ഐ.ടി.ഐ.കളിൽ നിന്നുള്ള ഇൻസ്ട്രക്ടർമാരും ട്രെയിനികളും വിദഗ്ധ തൊഴിലാളികളും അടങ്ങിയ 97 പേരാണ് ആഗസ്റ്റ് 28 മുതൽ 31 വരെ തൃശ്ശൂർ ജില്ലയിലെ മാള, മേലൂർ, അന്നമനട, പൊയ്യം, കുഴൂർ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലെ 500ൽ പരം വീടുകളിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നിർവഹിച്ചത്.

**ഫോട്ടോ അടിക്കുറിപ്പ്:-കർമ്മസേന:-**

മന്ത്രി ടി.പി. രാമകൃഷ്ണനിൽ നിന്നും നൈപുണ്യ കർമ്മസേന നോഡൽ ഓഫീസർ ഫിലോമിന ജെഫി ജെന്നിഫർ, ജില്ലാ കോ-ഓഡിനേറ്റർ സനീഷ് ബാലക്കണ്ടി എന്നിവർ ഉപഹാരം ഏറ്റുവാങ്ങുന്നു.

# ലൈഫ് സ്കിൽ എഡ്യൂക്കേഷൻ ട്രെയിനിങ് പ്രോഗ്രാം

കാസർകോട് നെഹ്റു യുവകേന്ദ്ര, കേന്ദ്ര സർവകലാശാലയിലെ സെന്റർ ഫോർ ലൈഫ് സ്കിൽ എഡ്യൂക്കേഷനും പെരിയ എസ് വീ ബ്രദേഴ്സ് ക്ലബ്ബിന്റെയും സഹകരണത്തോടെ ഇന്നു(ഒക്ടോബർ 12) മുതൽ 18 വരെ പെരിയ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ ലൈഫ് സ്കിൽ എഡ്യൂക്കേഷൻ ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. ഇന്നു രാവിലെ 11.45 നു കേന്ദ്ര സർവകലാശാല റജിസ്ട്രർ എ. രാധാകൃഷ്ണൻ നായർ ഉദ്ഘാടനം നിർവഹിക്കും.

# അഭയകിരണം പദ്ധതി; അപേക്ഷ ക്ഷണിച്ചു

കാസർകോട് അശരണരായ വിധവകളെ സംരക്ഷിക്കുന്നവർക്ക് ധനസഹായം നൽകുന്നതിന് അഭയകിരണം പദ്ധതി പ്രകാരം അപേക്ഷകൾ ക്ഷണിച്ചു. വാർഷികവരുമാനം ഒരു ലക്ഷം രൂപ കവിയാത്ത 50 വയസിന് മുകളിൽ പ്രായമുള്ള അശരണരായ വിധവകളുടെ സംരക്ഷകർക്ക് അപേക്ഷ സമർപ്പിക്കാം. വിധവൻഷൻ ഒഴികെ മറ്റ് പെൻഷനുകൾ കൈപ്പറ്റുന്ന വിധവകൾ ഈ ധനസഹായത്തിന് അർഹരല്ല. അപേക്ഷാ ഫോമും വിശദ വിവരങ്ങളും swd.kerala.gov.in എന്ന വെബ്സൈറ്റിലും, ശിശുവികസന പദ്ധതി ഓഫീസുകളിലും ലഭിക്കും. അപേക്ഷകൾ ഒക്ടോബർ 17 മുൻപ് ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസുകളിൽ സമർപ്പിക്കണം.

# കൈത്തറി ജീവനക്കാർക്ക് ഏകദിന പരിശീലനം

സംസ്ഥാന കൈത്തറി വസ്ത്ര വികസന വകുപ്പും, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റും സംയുക്തമായി കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം സെക്രട്ടറിമാർക്കും, ഹാൻടെക്സ്, ഹാൻവീവ്, ജില്ല വ്യവസായ കേന്ദ്രം ഇൻസ്പെക്ടർമാർക്കുമായി ഏകദിന പരിശീലനം സംഘടിപ്പിച്ചു. കണ്ണൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജിയിൽ നടത്തിയ പരിശീലനം സംസ്ഥാന കൈത്തറി വികസന ക്ഷേമനിധി ബോർഡ് ചെയർമാൻ അരക്കൻ ബാലൻ ഉദ്ഘാടനം ചെയ്തു. കണ്ണൂർ ജില്ലയിൽ നിന്നും 300 കോടി രൂപയുടെ കൈത്തറി ഉത്പന്നങ്ങൾ കയറ്റുമതി ചെയ്തിരുന്നതായും മറ്റ് രാജ്യങ്ങളുടെ കിടമത്സരം മൂലം ഇപ്പോൾ കയറ്റുമതി കുറഞ്ഞു വരികയാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

വിപണി വിഹിതം വർധിപ്പിക്കുന്നതിന് കൈത്തറി വകുപ്പ്, ഹാൻവീവ്, ഹാൻടെക്സ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ

(തുടരും)

ഉദ്യോഗസ്ഥര്‍ ഐക്യത്തോടെ പ്രവര്‍ത്തിക്കണമെന്ന് അദ്ദേഹം അഭ്യര്‍ത്ഥിച്ചു. കൈത്തറി തൊഴിലാളികളും കൈത്തറിയുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ഒരുമയോടെ പ്രവര്‍ത്തിച്ചപ്പോള്‍ സര്‍ക്കാറിന്റെ കൈത്തറി യൂണിഫോം പദ്ധതി വിജയകരമായിത്തീര്‍ന്നകാര്യം എടുത്തു പറഞ്ഞ അദ്ദേഹം കൈത്തറി മേഖലയുടെ സര്‍വ്വതോന്മുഖമായ വികസനത്തിനും ബന്ധപ്പെട്ട എല്ലാവരും ആത്മ സമര്‍പ്പണം നടത്തണമെന്നും ആവശ്യപ്പെട്ടു.

കാസര്‍കോട്, കണ്ണൂര്‍, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളില്‍ നിന്നുള്ളവര്‍ പരിശീലനത്തില്‍ പങ്കെടുത്തു. കേരള ഇന്‍സ്റ്റിറ്റ്യൂട്ട് ഫോര്‍ എന്റര്‍പ്രണര്‍ഷിപ്പ് ഡവലപ്മെന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസര്‍ & എക്സിക്യൂട്ടീവ് ഡയരക്ടര്‍ ഇ. സലാഹുദ്ദീന്‍, ഇന്ത്യന്‍ ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി എക്സിക്യൂട്ടീവ് ഡയരക്ടര്‍ എന്‍. ശ്രീധന്യന്‍, കണ്ണൂര്‍ ജില്ലാ വ്യവസായ കേന്ദ്രം ജനറല്‍ മാനേജര്‍ പി. എന്‍. അനില്‍കുമാര്‍, ഇന്ത്യന്‍ ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി ടെക്നിക്കല്‍ സൂപ്രണ്ടുമാരായ ശ്രീനാഥ് എം, ബ്രിജേഷ് കെ. വി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസര്‍ സന്തോഷ് കെ. വി, കീഡ് കോ-ഓര്‍ഡിനേറ്റര്‍ എം. റ്റി അജയകുമാര്‍ എന്നിവര്‍ പ്രസംഗിച്ചു.

## മൂന്നാം വാര്‍ഷിക പദ്ധതി; സംയുക്ത യോഗം ചേര്‍ന്നു

കാസര്‍കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 13-ാം പഞ്ചവത്സര പദ്ധതി (2017-22)യിലെ മൂന്നാം വാര്‍ഷിക പദ്ധതി (2019-20) തയ്യാറാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികള്‍, വര്‍ക്കിംഗ് ഗ്രൂപ്പുകള്‍, ആസൂത്രണ സമിതി അംഗങ്ങള്‍, നിര്‍വഹണ ഉദ്യോഗസ്ഥര്‍ എന്നിവരുടെ സംയുക്ത യോഗം കോണ്‍ഫറന്‍സ് ഹാളില്‍ ചേര്‍ന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.എച്ച്. മുഹമ്മദ് കുഞ്ഞി ചായിന്റടി അധ്യക്ഷനായി. ആസൂത്രണ സമിതി ഉപാദ്ധ്യക്ഷന്‍ മക്കാര്‍ മാസ്റ്റര്‍ 2019-20 വര്‍ഷത്തേക്കുള്ള വികസന കാഴ്ചപ്പാടും മുന്‍ഗണ സംബന്ധിച്ച് വിശദീകരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാര്‍, ബ്ലോക്ക്പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയര്‍മാന്‍മാര്‍, മെമ്പര്‍മാര്‍ എന്നിവര്‍ സംസാരിച്ചു. 2019-20 വാര്‍ഷിക പദ്ധതി സര്‍ക്കാര്‍ നിര്‍ദ്ദേശ പ്രകാരം സമയംബന്ധിതമായി രൂപീകരിക്കുന്നതിന് വര്‍ക്കിംഗ് ഗ്രൂപ്പിന്റെയും, ആസൂത്രണ സമിതിയുടെയും പങ്കാളിത്തമുണ്ടാകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി രാഗേഷ് ടി പറഞ്ഞു. പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് പ്രോജക്ടുകള്‍ രൂപീകരിക്കുന്നതിന്റെ സാദ്ധ്യതകളെ സംബന്ധിച്ച് ജോയിന്റ് ബിഡിഒ(ആര്‍ എച്ച്) അമീര്‍ജാന്‍ വിശദീകരിച്ചു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയര്‍മാന്‍ ടി. ഡി കബീര്‍ സ്വാഗതവും ജനറല്‍ എക്സ്റ്റന്‍ഷന്‍ ഓഫീസര്‍ രാജേഷ് നന്ദി പറഞ്ഞു.

## ദേശീയ ബാലശാസ്ത്ര കോണ്‍ഗ്രസ് ജില്ലാതലമത്സരം

ജില്ലാബാലശാസ്ത്ര കോണ്‍ഗ്രസ് ഒക്ടോബര്‍ 30, 31 തീയതികളില്‍ പെരിയ നവോദയവിദ്യാലയത്തില്‍ നടക്കും. ഗൈഡ് ടീച്ചറുടെ നേതൃത്വത്തില്‍ രണ്ട് വിദ്യാര്‍ത്ഥികള്‍വീതം ചേര്‍ന്ന് തയ്യാറാക്കുന്ന പ്രോജക്ടുകള്‍ അവതരിപ്പിക്കാം. എത്ര പ്രോജക്ടുകള്‍ വേണമെങ്കിലും അയക്കാം. 10 നും 14 നും ഇടയിലുള്ള കുട്ടികള്‍ ജൂനിയര്‍ വിഭാഗത്തിലും 14 നും 17 നും ഇടയിലുള്ള വിദ്യാര്‍ത്ഥികള്‍ സീനിയര്‍വിഭാഗത്തിലും മത്സരിക്കാം. തിരഞ്ഞെടുക്കപ്പെടുന്നവര്‍ നവംബര്‍ 16, 17 തീയ്യതികളില്‍ വയനാട് നടക്കുന്ന സംസ്ഥാന തലമത്സരത്തില്‍ പങ്കെടുക്കാം. സംസ്ഥാന തലത്തില്‍ തിരഞ്ഞെടുക്കപ്പെടുന്നവര്‍ ഡിസംബര്‍ അവസാന വാരത്തില്‍ ഭുവനേശ്വരില്‍ നടക്കുന്ന ദേശീയതലമത്സരത്തില്‍ പങ്കെടുക്കാം. സംസ്ഥാന തലത്തില്‍ പങ്കെടുക്കാന്‍ അര്‍ഹത നേടുന്ന കുട്ടികള്‍ക്ക് എസ്.എസ് എല്‍.സി, ,വി.എച്ച്.എസ്.ഇ, പ്ലസ്ടു പരീക്ഷകള്‍ക്ക് ഗ്രേസ്മാര്‍ക്ക് ലഭിക്കും.

അപേക്ഷ ഫോറം (A Form) ഒക്ടോബര്‍ 17 നകവും പ്രോജക്ടുകള്‍ ഒക്ടോബര്‍ 23 നകവും പ്രൊഫ.വി ഗോപിനാഥന്‍, ജില്ലാ ബാലശാസ്ത്ര കോണ്‍ഗ്രസ് കണ്‍വീനര്‍, ശ്രീരാഗം, ചിന്‍മയ കോളനി, വിദ്യാനഗര്‍ പി.ഒ,കാസര്‍കോട് 671123 എന്ന വിലാസത്തില്‍ എത്തിക്കണം.(ഫോണ്‍: 9446281854) കൂടുതല്‍ വിവരങ്ങള്‍ക്ക് പി.സന്തോഷ്കുമാര്‍, അക്കാദമിക് കോ-ഓര്‍ഡിനേറ്റര്‍ 9496695041. പരിസ്ഥിതിസംരക്ഷണം,ശുചിത്വം, ആരോഗ്യസുരക്ഷ തുടങ്ങി ബന്ധപ്പെട്ടവയാണ് വിഷയങ്ങള്‍.

## ഉപഭോക്തൃ ഫോറം വനിതാഅംഗം

കാസര്‍കോട്, കോഴിക്കോട് ജില്ലാ ഉപഭോക്തൃ തര്‍ക്കപരിഹാര ഫോറത്തില്‍ ഒഴിവുവരുന്ന മുഴുവന്‍ സമയ വനിത അംഗത്തിന്റെ തസ്തികയിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകര്‍

(തുടരും)

അംഗീകൃത യൂണിവേഴ്സിറ്റി ബിരുദമുള്ളവരും, 35 വയസോ അതിനു മുകളിലോ പ്രായമുള്ളവരായിരിക്കണം. ധനതത്വം, നിയമം, കൊമേഴ്സ്, അക്കൗണ്ടൻസി, വ്യവസായം, പൊതുകാര്യങ്ങൾ, ഭരണനിർവഹണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും , കഴിവും, ആർജവവും ഉള്ളവരും ആയിരിക്കണം. നിയമന കാലാവധി അഞ്ച് വർഷം വരെയോ, 65 വയസ് വരെയോ (ഏതാണോ ആദ്യം അതുവരെ) ആണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക എല്ലാ ജില്ലാ കളക്ടറേറ്റിലും, ജില്ലാ സപ്ലൈ ഓഫീസുകളിലും, ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലും www.consumeraffairs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭിക്കും. അപേക്ഷകർ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം, നിശ്ചിത ഫോറത്തിൽ ഈ മാസം 25 നകം ജില്ലാ കളക്ടർമാർക്ക് അപേക്ഷ സമർപ്പിക്കണം. ജില്ലാ കളക്ടർമാരിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് ചുരുക്കപ്പട്ടിക തയ്യാറാക്കി സർക്കാർ നിയമിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം.

## ഉപഭോക്തൃ ഫോറം അംഗം

എറണാകുളം ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിൽ ഒഴിവുവരുന്ന മുഴുവൻ സമയ അംഗത്തിന്റെ തസ്തികയിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ അംഗീകൃത യൂണിവേഴ്സിറ്റി ബിരുദമുള്ളവരും, 35 വയസോ അതിനു മുകളിലോ പ്രായമുള്ളവരായിരിക്കണം. ധനതത്വം, നിയമം, കൊമേഴ്സ്, അക്കൗണ്ടൻസി, വ്യവസായം, പൊതുകാര്യങ്ങൾ, ഭരണനിർവഹണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ 10 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉള്ളവരും , കഴിവും, ആർജവവും ഉള്ളവരും ആയിരിക്കണം. നിയമന കാലാവധി അഞ്ച് വർഷം വരെയോ, 65 വയസ് വരെയോ (ഏതാണോ ആദ്യം അതുവരെ) ആണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക എല്ലാ ജില്ലാ കളക്ടറേറ്റിലും, ജില്ലാ സപ്ലൈ ഓഫീസുകളിലും, ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലും www.consumeraffairs.kerala.gov.in എന്ന വെബ്സൈറ്റിലും ലഭിക്കും. അപേക്ഷകർ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം, നിശ്ചിത ഫോറത്തിൽ ഈ മാസം 30 നകം ജില്ലാ കളക്ടർമാർക്ക് അപേക്ഷ സമർപ്പിക്കണം. ജില്ലാ കളക്ടർമാരിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളിൽ നിന്ന് ചുരുക്കപ്പട്ടിക തയ്യാറാക്കി സർക്കാർ നിയമിക്കുന്ന സെലക്ഷൻ കമ്മിറ്റി നടത്തുന്ന അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം.

## പരസ്യബോർഡുകൾ നീക്കം ചെയ്യണം

ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ റോഡുകളിലും, നടപ്പാതകളിലും കാൽനടയാത്രക്കാർക്കും പൊതുജനങ്ങൾക്കും തടസം സൃഷ്ടിക്കുന്ന രീതിയിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന ഫ്ളക്സുകൾ, പരസ്യബോർഡുകൾ, ഹോൾഡിംഗ്സുകൾ എന്നിവ ഈ മാസം 15നകം വ്യക്തികൾ തന്നെ നീക്കം ചെയ്യണമെന്ന് സെക്രട്ടറി അറിയിച്ചു. അല്ലാത്തപക്ഷം പഞ്ചായത്ത് നേരിട്ട് നീക്കംചെയ്യുന്നതും സ്ഥാപിച്ചവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുന്നതുമായിരിക്കും. പഞ്ചായത്തിന്റെ മുൻകൂർ അനുമതിയില്ലാതെ പരസ്യ ബോർഡുകൾ (ഹോൾഡിംഗ്സുകൾ, ബാനറുകൾ എന്നിവ സ്ഥാപിക്കാൻ പാടില്ലെന്നും സെക്രട്ടറി അറിയിച്ചു.

## കുടുംബശ്രീ ആനിമേറ്റർ കോ ഓർഡിനേറ്ററെ നിയമിക്കുന്നു

കാസർകോട് കുടുംബശ്രീയുടെ പട്ടികവർഗ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന കൊറഗ പ്രൊജക്ടിലേക്ക് ഈ വർഷത്തിൽ നടപ്പിലാക്കേണ്ട വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ജില്ലയിൽ കൊറഗ വിഭാഗത്തിൽ നിന്നും ആനിമോർ കോ ഓർഡിനേറ്ററെ തിരഞ്ഞെടുക്കുന്നു. എംഎസ്ഡബ്ള്യു അഥവാ എംഎ സോഷ്യാളജി ബിരുദാനന്തര ബിരുദം യോഗ്യതയുള്ളവരെയാണ് ആവശ്യം. താൽപര്യമുള്ളവർ ഒക്ടോബർ 22ന് തീയതി വിദ്യാനഗർസിവിൽ സ്റ്റേഷനിലുള്ള കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ ഒറിജിനൽ യോഗ്യത സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം ഹാജരാകണം. ഫോൺ: 04994 256111, 9447489078.

(അവസാനിച്ചു)